IV സബ്മിഷൻ

(1) അഗളി പഞ്ചായത്തിലെ കുടി ഒഴിപ്പിക്കൽ

ശ്രീ. പി. കുമാരൻ : സർ, അഗളി പഞ്ചായത്തിൽ മുക്കാലി, ചിണ്ടക്കി, പോത്തുപ്പാടി, കട്ടേക്കാട്, കുറുക്കൻകുണ്ട് മുതലായ ഭാഗങ്ങളിൽ മുപ്പതുമുപ്പത്തഞ്ചു കൊല്ലത്തെ കൈവശാവകാശമുള്ള കൃഷിക്കാരെ ഒഴിപ്പിക്കാനുള്ള നടപടികളും പാലക്കാട് മണ്ണാർക്കാട് തഹസീൽദാരെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇതിന്റെ ഫലമായി ആ ഭാഗത്തുള്ള കൃഷിക്കാരാകെ വളരെ സംഭീതരായിരിക്കുകയാണ്. ഈ പരിതഃസ്ഥിതിയിൽ അട്ടപ്പാടി കോ ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയിൽ ഞാൻ അന്വേഷിച്ചപ്പോൾ ഈ ഫാമിംഗ് സൊസൈറ്റിയുടെ അധീനതയിലുള്ള ഭൂമിയുള്ള കൃഷിസ്ഥലമാണതെന്ന് ആണ് അറിയാൻ കഴിഞ്ഞത്. എന്നാൽ സൊസൈറ്റിയുണ്ടാകുന്നതിന് എത്രയോ കാലംമുമ്പ് തന്നെ ഈ കൃഷിക്കാരുടെ കൈവശത്തിലാണ് ഈ സ്ഥലങ്ങൾ. സൊസൈറ്റിയുടെ കൈവശമുള്ള സ്ഥലത്തിന് പ്രത്യേകിച്ച് സൊസൈറ്റി സ്ഥലം ഏറ്റെടുത്തപ്പോൾ കമ്പിവേലി കെട്ടി തന്നെ മാറ്റിതിരിച്ചിട്ടുണ്ട്. ഈ പരിതഃസ്ഥിതിയിൽ ഈ കൃഷിക്കാരുടെ കൈവശ സ്വഭാവത്തെപ്പറ്റി അന്വേഷിക്കുവാൻ ഒരു ഉത്തരവാദപ്പെട്ട കമ്മിറ്റിയെ അയച്ചോ മറ്റോ ഈ ഭൂമിയുടെ കൈവശാവകാശത്തിന്റെ കാര്യം പൂർണ്ണമായി മനസ്സിലാക്കി കൃഷിക്കാരെ സഹായിക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, വ്യാപകമായ കുടിയൊഴിപ്പിക്കൽ നടത്തുന്നുവെന്ന് പറയുന്നത് ശരിയല്ല. അഗളി പഞ്ചായത്തിലെ കല്ലുമല വില്ലേജിൽ ഭവാനി നദിയുടെ പുറമ്പോക്കിലുള്ള 5 ഏക്കർ ഭൂമി കയ്യേറുകയും, കട്ടേക്കാട് ആദിവാസി കോളനിയിലേക്കുള്ള വഴി ഇല്ലാതാക്കുകയും ചെയ്ത ഏതാനും ആളുകളുടെ പേരിൽ എൽ. സി. കേസ് എടുത്തിട്ടുണ്ട്. നിയമപരമായ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. ഏതാണ്ട് പത്തോളം വകുപ്പുകൾക്കുമാത്രമാണ് ആ നടപടി സ്വീകരിച്ചിട്ടുള്ളത്. ഇവർക്ക് തീർച്ചയായിട്ടും വീണ്ടും സബ് കളക്ടർമാരുടെ മുമ്പിലോ കളക്ടർമാരുടെ മുമ്പിലോ പരാതി കൊടുക്കാവുന്നതാണ്. വ്യാപകമായ കുടിയൊഴിപ്പിക്കൽ നടക്കുന്നുവെന്നുള്ള പ്രസ്താവന ശരിയല്ല.

(2) കുണ്ടറ സ്റ്റാർച്ച് ഫാക്ടറി തൊഴിലാളികളുടെ സമരം

ശ്രീ. തോപ്പിൽ രവി : സർ, കുണ്ടറ ലക്ഷ്മിസ്റ്റാർച്ച് ഫാക്ടറിയിലെ തൊഴിലാളികൾ ഈ ഒക്ടോബർ മാസം 9-ാം തീയതി മുതൽ സമരത്തിലാണ്. ദീർഘകാല കരാറുകളുണ്ടാക്കുക, 1985-86-ൽ ന്യായമായ ബോണസ് നൽകുക, നാലുവർഷത്തിലേറെയായി കാഷ്വൽ ലേബറേഴ്സായി പണിയെടുക്കുന്നവരെ സ്ഥിരപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് തൊഴിലാളികൾ സമരത്തിൽ ഏർപ്പെട്ടിരിക്കുന്നത്. പക്ഷേ വളരെ കർക്കശമായ ഒരു സമീപനമാണ് മാനേജ്മെന്റ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്. പല തലത്തിൽ പല ചർച്ചകളും ഇതിനകം നടന്നെങ്കിലും ഒരു ധാരണയിലുമെത്താൻ കഴിഞ്ഞിട്ടില്ല. തിരുവോണ ദിവസംപോലും ഷെഡ്ഡുകെട്ടി ഈ ഫാക്ടറി

LIBRARY ARCHIVES Kerala Legislative Assembly